ദുരന്തമേഖലയുടെ പ്രത്യേകതയും സംഭവിക്കാവുന്ന ദുരന്തത്തിന്റെ തീവ്രതയും സംരക്ഷിക്കപ്പെടേണ്ടുന്ന ജീവനുകളുടെ എണ്ണവും സുരക്ഷിതമാർഗവുമൊക്കെ കണക്കിലെടുത്ത് ഒന്നിലധികം മസ്റ്റർ പോയിന്റുകൾ സജ്ജീകരിക്കാറുണ്ട്. **ഉദാഹരണത്തിന് വാതകചോർച്ച പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കാറ്റിന്റെ ദിശ മനസിലാക്കി എതിർദിശയിലുള്ള മസ്റ്റർ പോയിന്റാണ് സുരക്ഷിതസ്ഥാനം.** അതുപോലെ ഏതുതരം ദുരന്ത സാദ്ധ്യതകളാണോ ഓരോ പ്രദേശവും മുന്നിൽക്കാണുന്നത്, അവയ്ക്കനുയോജ്യമായ മസ്റ്റർ പോയിന്റുകൾ കണ്ടുപിടിക്കുകയും അവ കാലേകൂട്ടി സജ്ജീകരിക്കേണ്ടതുമാണ്.

**മാതൃകാ ദുരിതാശ്വാസക്യാമ്പുകൾ**

നിരന്തരമായി വെള്ളപ്പൊക്കഭീഷണി നേരിടുന്ന മേഖലകളിലെ ജനങ്ങളുടെ ആശ്രയസ്ഥാനം അടുത്തുള്ള സ്കൂളുകളാണ്. ജനങ്ങളുടെ എണ്ണം വർധിക്കുമ്പോൾ അത് ദുരിതാശ്വാസക്യാമ്പായി മാറുകയും ചെയ്യുന്നു, ഇതാണ് പതിവ്. അതായത് ജനങ്ങൾ എത്തിയതിനു ശേഷം നടത്തുന്ന തയാറെടുപ്പുകളാണ് എല്ലായ്പ്പോഴും ക്യാമ്പിന്റെ പ്രാരംഭപ്രവർത്തനം. പാചകസാമഗ്രികൾ മുതൽ കുടിവെള്ളം വരെ സംഘടിപ്പിക്കേണ്ടിവരുന്നു. ആവശ്യത്തിനു ടോയ്‌ലറ്റ്സൗകര്യങ്ങൾ പോലും ഉണ്ടാകാറില്ല. മാത്രമല്ല പല ദുരിതാശ്വാസ ക്യാമ്പുകളിലും ഇത്തവണ വെള്ളം കയറുകയും കെട്ടിടം തകർന്ന് അപകടങ്ങളുണ്ടാവുകയും ചെയ്തു. ഇത്തരം അവസ്ഥകൾക്ക് ശാശ്വത പരിഹാരം ഉണ്ടാവണം. ദുരിതാശ്വാസക്യാമ്പുകൾ ഇനിയും മറ്റൊരു ദുരന്തമേഖല ആവാതിരിക്കാൻ നമുക്ക് സുസ്ഥിരമായ ദുരിതാശ്വാസക്യാമ്പുകൾ അഥവാ മസ്റ്റർ സ്റ്റേഷനുകൾ സജ്ജീകരിക്കേണ്ടതുണ്ട്.

**എന്താണ് മാതൃകാദുരിതാശ്വാസക്യാമ്പ്**

പ്രകൃതിദുരന്തഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ മുൻകൂട്ടി മസ്റ്റർ സ്റ്റേഷനുകൾ സജ്ജീകരിക്കേണ്ടതും നിലനിർത്തേണ്ടതുമാണ്. പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ കണക്കിലെടുത്താവണം ഇത്തരം മസ്റ്റർ സ്റ്റേഷനുകൾ കണ്ടെത്തേണ്ടത്. കഴിഞ്ഞ പ്രളയത്തിൽ വളരെകാര്യക്ഷമമായും കൃത്യമായും ദുരിതബാധിതർക്ക് സംരക്ഷണമൊരുക്കിയ ദുരിതാശ്വാസക്യാമ്പുകളെ മാതൃകാദുരിതാശ്വാസക്യാമ്പുകൾ (മസ്റ്റർ സ്റ്റേഷനുകൾ) ആയി നിശ്ചയിക്കുവാൻ അതത് പ്രദേശങ്ങളിലെ പഞ്ചായത്ത് തലത്തിൽ ഒരു പഠനം നടത്തേണ്ടതാണ്. ദുരിതാശ്വാസക്യാമ്പുകളാവാൻ എപ്പോഴും സാധ്യത സ്കൂളുകൾക്കാണ്. ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ അനുഭവപ്പെട്ട പോരായ്മകൾ കണ്ടെത്തി വിലയിരുത്താനുള്ള അവസരം കൂടിയാണ് കഴിഞ്ഞ പ്രളയം ഒരുക്കിയത്. ദുരിതാശ്വാസക്യാമ്പുകളായി പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളുടെവിവരശേഖരണം നടത്തി അനുയോജ്യമാണെങ്കിൽ അവയെ സ്ഥിരവും സുസജ്ജവുമായ മാതൃകാദുരിതാശ്വാസ ക്യാമ്പുകളായി നിലനിർത്തേണ്ടതാണ്. പ്രാദേശികമായ സഹകരണവുംവിദഗ്ധരുടെസേവനവുംലഭ്യമാക്കിയാൽ ഓരോ പ്രദേശത്തും ഇത്തരം സ്ഥിരം സജ്ജമായ മസ്റ്റർ സ്റ്റേഷനുകൾ നിർമിച്ചെടുക്കാൻ സാധിക്കുകയും അങ്ങനെ ദുരിതാശ്വാസക്യാമ്പുകൾ യഥാർഥ സംരക്ഷണകേന്ദ്രങ്ങളായി മാറുകയുംചെയ്യും. മാതൃകാക്യാമ്പുകളുടെ പ്രവർത്തനത്തിന് അത്യാവശ്യംവേണ്ട ചില മാർഗനിർദേശങ്ങൾ കൂടി ചേർക്കട്ടെ...

മാതൃകാക്യാമ്പുകളുടെ സ്ഥാനം ഭൂമിശാസ്ത്രപരമായി പ്രകൃതിദുരന്ത (വെള്ളപ്പൊക്കം / ഉരുൾ പൊട്ടൽ) മേഖലയല്ലെന്ന് ഉറപ്പുവരുത്തണം.

- മസ്റ്റർ സ്റ്റേഷനുകളുടെ (ക്യാമ്പുകൾ) സ്ഥാനവും എത്തിച്ചേരാനുള്ള സുരക്ഷിതമാർഗങ്ങളുംകൃത്യമായി കാണിക്കുന്ന റൂട്ട് മാപ്പ് പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.
- ക്യാമ്പുകളിൽ എത്ര കുടുംബങ്ങളെ പരമാവധി പാർപ്പിക്കാൻ കഴിയും എന്നതിന്റെ വ്യക്തമായ കണക്കുകൾ ഉണ്ടായിരിക്കണം. ഒരു പ്രദേശത്ത് രണ്ടു ക്യാമ്പുകൾ പ്രവർത്തിക്കുന്നുവെങ്കിൽ ഏത് ക്യാമ്പിലേക്കു പോകണം എന്നത് പ്രദേശവാസികളെ അറിയിച്ചിരിക്കണം.
- ക്യാമ്പുകളിലെ ടോയ്‌ലറ്റ്സൗകര്യം, അമ്പതു പേർക്ക് ഒരു ടോയ്‌ലറ്റ് എന്ന നിലയിലെങ്കിലും സജ്ജീകരിക്കേണ്ടതാണ്.
- ശുദ്ധജലം ലഭ്യതയാണ് ഏറ്റവും പ്രധാനം. പ്രളയജലം നിറഞ്ഞുകവിഞ്ഞൊഴുകുമ്പോൾ കുടിക്കാനും മറ്റ് ആവശ്യങ്ങൾക്കുമായി പല ദുരിതാശ്വാസക്യാമ്പ് പ്രവർത്തകരും നെട്ടോട്ടമോടുന്ന സാഹചര്യം നാം അനുഭവിച്ചതാണ്. ക്യാമ്പുകളിൽ അത്യാവശ്യംവേണ്ട ഒന്നാണ് മഴവെള്ള സംഭരണികൾ. വൈദ്യുതബന്ധം തകരാറിലായാലോ മോട്ടോർ പ്രവർത്തനം നിലച്ചാലോ ക്യാമ്പുകളിലെ ജലദൗർലഭ്യത്തിനു പരിഹാരമാകാൻ മഴവെള്ളസംഭരണികൾ സഹായിക്കും.
- കൺട്രോൾറൂമുകളാണ് സുപ്രധാനമായ മറ്റൊരു ഇടം. ക്യാമ്പുകളാക്കാൻ തെരഞ്ഞെടുക്കുന്ന സ്കൂളുകളിൽ അടിയന്തിരഘട്ടങ്ങളിൽ കൺട്രോൾറൂമുകളാക്കി മാറ്റാൻ കഴിയുന്ന ഒരു ഓഫിസ്മുറി ഉണ്ടായിരിക്കണം. കംപ്യൂട്ടർ, ടെലിഫോൺ സംവിധാനങ്ങൾ, സ്ഥലത്തിന്റെ ഭൂപടം, എസ്കേപ്പ് റൂട്ടുകൾ, റോഡ് മാപ്പ്, ജനവാസകേന്ദ്രങ്ങൾ, ഫ്ളഡ് മാപ്പ്, ഏകദേശ ജനസംഖ്യ, എമർജൻസി കോൺടാക്റ്റ് നമ്പരുകൾ എന്നിവ കൺട്രോൾറൂമുകളിൽ ലഭ്യമായിരിക്കണം. ഇത്തരം കൺട്രോൾറൂമുകൾക്ക് ആവശ്യമായ വിവരങ്ങളുടെ ശേഖരണത്തിനും പ്രാദേശിക ഭൂപടനിർമാണത്തിനുമൊക്കെ സ്കൂൾവിദ്യാർഥികളെ പങ്കെടുപ്പിക്കാനും ശ്രമിക്കണം. അത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ സാമൂഹികപ്രതിബദ്ധതയും അറിവുംവർധിപ്പിക്കും.
- പ്രദേശത്തിന്റെ ഭൂപടം തയാറാക്കിവയ്ക്കുന്നതിനൊപ്പം ഭൂപടത്തെക്കുറിച്ച് അവബോധമുള്ള ഒരു അധ്യാപകന്റെ സാന്നിധ്യവും സ്കൂളിൽ അത്യാവശ്യമാണ്. കുട്ടികളുടെ പാഠ്യപദ്ധതിയിൽ അതത് പ്രദേശത്തെ ഭൂപ്രകൃതി പഠനവിഷയമാക്കുന്നതും നന്നായിരിക്കും.

- ജിയോഗ്രാഫിക് ഇൻഫർമേഷൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പ്രാദേശികമായി ലഭിക്കുന്ന വിവരങ്ങൾ, വീടുകളുടെ എണ്ണം, ജനസംഖ്യ, കനാലുകൾ, വെള്ളംകെട്ടിനിൽക്കാവുന്നതും അതോടൊപ്പം ശക്തമായ ഒഴുക്കുണ്ടാകുവാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങൾ എന്നിങ്ങനെ എല്ലാത്ത രംരേഖകളും ഭൂപടത്തിൽ ഉൾപ്പെടുത്താവുന്നാണ്.
- ദുരിതാശ്വാസക്യാമ്പുകളിൽ മനുഷ്യർക്കു മാത്രമല്ല കന്നുകാലികൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്കും വേണ്ട സംരക്ഷണസൗകര്യങ്ങൾ ലഭ്യമാക്കണം.
- ഭക്ഷണം പാകംചെയ്തു കഴിക്കുക എന്നതാണ് അടുത്ത വെല്ലുവിളി. പാചകസൗകര്യങ്ങളുടെ അഭാവം പല ക്യാമ്പുകളിലുമുണ്ട്. ഇതിന് ശാശ്വതപരിഹാരംകാണണം. ആവശ്യമായ ഭക്ഷണം തയാറാക്കാൻ തക്കവണ്ണം പ്രാപ്തമായിരിക്കണം മാതൃകാക്യാമ്പുകളിലെ പാചകപ്പുരകൾ.
- അതിജീവനം - പ്രകൃതിദുരന്തങ്ങളിലെ വെല്ലുവിളിയാണ് അപകടങ്ങൾ വരുത്തുന്ന പരുക്കുകളും പകർച്ചവ്യാധികളും മറ്റ് ആരോഗ്യപ്രശ്നങ്ങളും. പിടിപെടാവുന്ന അസുഖങ്ങളും. കൊതുകുകൾ പെരുകുന്നതിനും പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതിനും മലിനജലം കാരണമാകുന്നു. ഒടിവ്, മുറിവ് എന്നിങ്ങനെയുള്ള അപകടങ്ങൾ പോലെ തന്നെ വൈദ്യുതാഘാതം, അതിസാരം, എലിപ്പനി, മലേറിയ, ത്വക്ക്-കണ്ണ് എന്നിവയെ ബാധിക്കുന്ന അലർജികൾ, മാനസികപിരിമുറുക്കം എന്നിങ്ങനെ വിവിധ പ്രശ്നങ്ങൾക്കുള്ള ചികിത്സാസഹായങ്ങൾ ദുരിതാശ്വാസക്യാമ്പുകളിൽത്തന്നെ സജ്ജമാക്കേണ്ടതാണ്. ഹോസ്പിറ്റലുകളുടെയും മെഡിക്കൽ ഓഫിസറുടെയും ഫോൺനമ്പരുകൾ കൺട്രോൾറൂമിൽ സൂക്ഷിക്കേണ്ടതാണ്.
- മെഡിക്കൽ - പാരാമെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കാനുള്ള പരിശീലനം ലഭിച്ച വ്യക്തികളെ കണ്ടെത്തി അവരുടെസേവനം ഉറപ്പുവരുത്തണം. ഒരു ക്യാമ്പിൽ അത്തരം ഒരു ടീമിനെയെങ്കിലും സജ്ജരാക്കുവാൻ പ്രാദേശികമായി പരിശീലനപദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. പ്രാഥമിക ചികിത്സ ലഭ്യമാക്കാൻ കഴിവുള്ള ഒരു ടീമിനെ ഓരോ പഞ്ചായത്ത് മേഖലകളിലും സജ്ജരാക്കേണ്ടതുണ്ട്.
- ക്ലിനിക് / മെഡിക്കൽ സ്റ്റോർറൂമുകൾ - മാതൃകാ ക്യാമ്പുകളാക്കാൻ കഴിയുന്ന സ്കൂളുകളിൽ ഒരു റഫ്രിജറേറ്റർ എങ്കിലും ഉണ്ടായിരിക്കണം. അത്യാവശ്യഘട്ടങ്ങളിൽ അത് മെഡിക്കൽ സ്റ്റോറേജ്റൂമുകളിൽ ഉപയോഗപ്പെടുത്താൻ കഴിയണം. ഒരു സ്ട്രെച്ചർ എങ്കിലും ക്യാമ്പുകളിൽ ലഭ്യമാക്കണം. പ്രളയമുന്നറിയിപ്പുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്കൂൾ മേധാവികൾക്കു തന്നെ കൺട്രോൾറൂമിന്റേയും മെഡിക്കൽ റൂമിന്റേയും പ്രവർത്തനം ഏകോപിപ്പിക്കാനും കാര്യക്ഷമമാക്കാനും കഴിയണം. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മെഡിക്കൽ ഓഫിസർമാരുടെ സേവനം ലഭ്യമാക്കുകയുംവേണം.
- ഗ്രാമസഭകൾ അടിയന്തിരഘട്ടത്തിൽ സംഘടിപ്പിക്കുവാൻ അനുയോജ്യരായ ഒരു സംഘത്തിനെ അതാത് പ്രദേശങ്ങളിൽ നിന്നു കണ്ടെത്തി അവർക്ക് നിരന്തര പരിശീലനം നൽകേണ്ടതാണ്.
- മുന്നറിയിപ്പുകളോട് ശരിയായ ജാഗ്രതയോടെ പ്രതികരിക്കുവാൻ സ്കൂൾതലം മുതൽ പ്രത്യേക പരിശീലനപദ്ധതികൾ നടപ്പിലാക്കണം.
- സുരക്ഷാമുന്നറിയിപ്പുകളുടെ പ്രാധാന്യവും ദൈനംദിന ജീവിതത്തിൽ ചെറുതെങ്കിലും ഓരോവ്യക്തിയും അനുസരിക്കേണ്ട സുരക്ഷാശീലങ്ങളെക്കുറിച്ചും ജനകീയബോധവത്കരണം നടത്തണം.
- കൃത്യമായ സുരക്ഷാപരിശോധനകൾ നടത്തി മാതൃകാക്യാമ്പുകളുടെ നിലവാരം നിലനിർത്തണം.

വ്യക്തവും ശാസ്ത്രീയവുമായ തയാറെടുപ്പുകളോടെയാവണം വരും നാളുകളിൽദുരന്തങ്ങളെ നാം നേരിടേണ്ടത്. ദുരന്തശേഷം കാരണപഠനങ്ങൾ നടത്തിയതുകൊണ്ടോ സർക്കാർ സംവിധാനങ്ങളെ കുറ്റപ്പെടുത്തിയതുകൊണ്ടോ പ്രയോജനമില്ല. പ്രളയാനുഭവങ്ങൾ സമ്മാനിച്ചത് പോരായ്മകളുടെ തിരിച്ചറിവും പൊ

രുതുവാൻ അറിഞ്ഞിരിക്കേണ്ട പുതിയ പാഠങ്ങളുമാണ്. അനുഭവമാണ് ഏറ്റവും വലിയ ഗുരു. പ്രായോഗിക പരിജ്ഞാനവും സാങ്കേതികവിദ്യയും അതിലുമുപരി ഒത്തൊരുമയും ചേർന്നാൽ ഏതു വലിയ ദുരന്തത്തെ യും നേരിടാൻ നമ്മെ പ്രാപ്തരാക്കും എന്നതിൽ സംശയമില്ല. സാമൂഹികബോധവത്കരണത്തിലൂടെ അതി ജീവനപാഠങ്ങൾ ജനങ്ങളിലെത്തണം. ഏത്ദുരന്തവും നേരിടാൻ പ്രതിവിധികളുണ്ടെന്നും നാം അതിജീവി ക്കുമെന്നും സ്വയം ഓരോ പൗരനും ബോധ്യപ്പെടാൻ കഴിയുന്നതാവട്ടെ നമ്മുടെ സുരക്ഷാ സംവിധാന ങ്ങൾ. പ്രളയകാലം വലിയൊരു പാഠമാണ്.

Proceedings of Social Preparedness of Disaster Management and Geo-Scientific Strategies

The Kerala State Higher Education Council 2020

Except where otherwise noted, this work is licensed under https://creativecommons.org/licenses/by-nc-sa/4.0/

# പ്രകൃതിദുരന്തം: അക്കാദമിക് ഇടപെടലിലൂടെലഘൂകരണ തന്ത്രങ്ങൾ

**കെ.എൻ.കൃഷ്ണകുമാർ**
പ്രിൻസിപ്പാൾ, ഗവ.മഹാരാജാസ് (ഓട്ടോണോമസ്) കോളജ്, എറണാകുളം
ഇ.മെയിൽ: knkrishnakumar2005@gmail.com

**ചുരുക്കം**

*ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ മുമ്പെങ്ങുമില്ലാത്ത കുതിപ്പിലും പ്രകൃതിദുരന്തങ്ങളുടെ ആഘാതം വിവിധ ഭൂപ്രദേശങ്ങളിലെ സമൂഹത്തെ ഗണ്യമായ ബാധിക്കുന്ന സ്ഥിതിയാണിന്നുമുള്ളത്. കേവലം മുപ്പത്തി എണ്ണായിരത്തിൽപ്പരം ചതുരശ്രകിലോമീറ്റർ വിസ്തൃതിയിലുള്ള കേരളം കഴിഞ്ഞ 1 വർഷക്കാലയളവിൽ രണ്ട് വലിയ പ്രകൃതിദുരന്തങ്ങൾക്ക് സാക്ഷിയായി. തീരദേശത്തെ ബാധിച്ച ഓഖികൊടുങ്കറ്റും, ഏതാണ്ട് സംസ്ഥാനത്തെയാകെ ബാധിച്ച പ്രളയവും. ഈ രണ്ട് സമാനതകളില്ലാത്ത സാഹചര്യങ്ങളിലും സർക്കാരും സമൂഹവും കർമ്മോത്സുകരായി ദുരിതാശ്വാസ പ്രയത്നങ്ങളിലേർപ്പെടുകയും അത് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. എന്നാൽ, ഈ ഘട്ടങ്ങളിലെല്ലാം അക്കാദമിക് സമൂഹം പ്രത്യേകിച്ചും നമ്മുടെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രകൃതിദുരന്തങ്ങളുടെ ശാസ്ത്രീയവും സാങ്കേതികവും അതേസമയം സാമൂഹികുമായ പ്രത്യാഘാതങ്ങളെ വിലയിരുത്താനും അതനുസരിച്ചുള്ള പ്രായോഗിക ഉപായങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ സജ്ജരാകേണ്ടിയിരിക്കുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മുൻവിധിയോടെ നടത്തേണ്ടുന്നതായ ചില മുന്നൊരുക്കങ്ങളെയും അതേസമയം അക്കാദമിക് സമൂഹത്തിന് ഇതിൽ എങ്ങിനെ ഇടപെടാൻ കഴിയും എന്നതിലേക്കുള്ള ചില അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇവിടെ പ്രതിപാദിക്കുന്നു.*

**ആമുഖം**

പ്രവചനങ്ങൾക്ക് പിടികൊടുക്കാത്ത വിധത്തിലാണ് പലപ്പോഴും കാലാവസ്ഥാവ്യതിയാനം നമ്മെ ജീവിതക്രമങ്ങളെ ബാധിച്ചിരിക്കുന്നത്. രണ്ടു ദശാബ്ധ കാലത്തിനു പിന്നിലേക്കു പോയാൽ പോലും കാലവർഷവും ഇടവപ്പാതിയും നമുക്ക് കാർഷികരീതികൾക്കിണങ്ങി കണക്കുകൂട്ടലുകൾക്കൊപ്പം വന്നുപോയ്ക്കൊണ്ടിരുന്ന പ്രതിഭാസങ്ങളായിരുന്നു. കേലവം പത്ത് വർഷത്തിനപ്പുറത്തേക്കുള്ള അന്തരീക്ഷമാണ് തികച്ചും അപരിചിതമായ മഴയുടെയും വേനലിന്റെയും സ്വഭാവം നമുക്കും, കന്നുകാലികൾക്കും മറ്റ് പക്ഷിമൃഗാദികൾക്കും ഒരുപോലെ ഭീഷണിയായിത്തീർന്നുകഴിഞ്ഞു. പ്രാദേശിക കാലാവസ്ഥാഭേദഗതി മനുഷ്യാവശ്യങ്ങൾക്കനുസരിച്ച് സാദ്ധ്യമാക്കുന്ന സാങ്കേതിക വിദ്യവികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്തുകൂടി കടന്നുപോയ്ക്കൊണ്ടിരിക്കുമ്പോഴും കാലാവസ്ഥാവ്യതിയാനങ്ങളെയും പ്രകൃതിക്ഷോഭങ്ങളെയും ഫലപ്രദമായി നേരിടുന്നതിൽ വികസിതരാഷ്ട്രങ്ങൾ പോലും പകച്ചുനിൽക്കുകയാണ്. ഇത്തരം സാഹചര്യങ്ങളിൽ രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്.

2017 ഡിസംബറിലെ ഓഖിദുരന്തത്തിന്റെ ആഘാതം തീരദേശമേഖലയെ അപ്പാടെയാണ് ഗ്രസിച്ചതെങ്കിൽ ആറ് മാസത്തിനുള്ളിൽ കാലവർഷം കനത്ത് ജൂൺ ജൂലൈ മാസങ്ങളിലെ മഴക്കെടുതിയുടെ ആഘാതം കേരളത്തിന്റെ സമസ്ത ഭൂപ്രകൃതിയിലെ മനുഷ്യന്റെ ആവാസവ്യവസ്ഥയെയും ദുസ്സഹമായി ഗ്രസിച്ചിരിക്കുകയാണ്. ജൂലൈമാസത്തിലെ മഴയുടെ കാഠിന്യത്തിൽ 41 നദികളും കരകവിഞ്ഞൊഴുകി ജനസംഖ്യാനുപാതികമായി വിസ്തൃതിയില്ലാത്ത കേരളത്തിന്റെ തീര-സമതലപ്രദേശങ്ങളിലെ ജീവിതം ദുരിതത്തിലാക്കിയിരിക്കുകയാണ്. മഴ കനക്കുന്നതോടെ ഇടുക്കി, മുല്ലപ്പെരിയാർ റിസർവോയറുകൾ നിറയും. സ്വാഭാവികമായും വരും ദിനങ്ങളിൽ തൊടുപുഴ, പെരിയാർ, മൂവാറ്റുപുഴ നദികളുടെ തീരപ്രദേശത്തെ ജീവിതം വീണ്ടും ദുരിതമയമാക്കും.

എന്നാൽ സർക്കാർ സംവിധാനങ്ങൾക്കാവുന്നതിനുമപ്പുറം പരിഹാരം കണ്ടെത്താൻ പരാജയപ്പെടുന്ന നിരവധി സാഹചര്യങ്ങൾ നാം തന്നെ സൃഷ്ടിച്ചെടുക്കുകയല്ലേ? ഖരമാലിന്യ സംസ്കരണത്തിൽതന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയവെല്ലുവിളി പൊതുജനങ്ങളുടെ നിസ്സഹകരണമാണ്. മീനച്ചിൽ നദിപോലെതന്നെ  മറ്റ് 40 പ്രധാന നദികളും മറ്റ് കൈവഴികളും കരകവിഞ്ഞൊഴുകി ഈ ദിവസങ്ങളിൽ കേരളത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലെത്തുന്നത് നിരവധി ചെറുപട്ടണങ്ങളിലെ മാലിന്യങ്ങളുമായാണ്. സമുദ്ര നിരപ്പിൽനിന്നും 30 മീറ്ററോളം ഉയരത്തിലുള്ള കോട്ടയം പട്ടണത്തിലെ മാലിന്യങ്ങൾ കേവലം 5 കിലോമീറ്റർ ദൂരംതാണ്ടികൊണ്ട് സമുദ്രനിരപ്പിൽനിന്നും സുമാർ 3 മീറ്റർ മാത്രം ഉയരമുള്ള വേളൂർതോടുകളിലാണെത്തുന്നത്. അതേസമയം വെറും  8 കിലോമീറ്റർദൈർഘ്യത്തിനുള്ളിൽ വേമ്പനാട് കായൽസ്ഥിതി ചെയ്യുന്നുവെങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങളിൽ തങ്ങിനിൽക്കുന്ന ജലനിരപ്പ് സ്വാഭാവികമായി 2 ദിസംകൊണ്ട് പൂർവ്വസ്ഥിതിയിലാവേണ്ടതുണ്ടെങ്കിലും അത് സംഭവിക്കാത്തത് സ്വാഭാവികചാലുകൾ ഒഴുക്ക് നഷ്ടപ്പെട്ട് പരമിതപ്പെട്ടു പോയതിനാലാണ്. വൈവിദ്ധ്യങ്ങൾ സവിശേഷതകളായ കാലാവസ്ഥയും ഭൂപ്രകൃതിയും അതിനൊത്തുചേർന്ന കൃഷിരീതികളും നിലനിന്നുപോരുന്ന നമ്മുടെ സംസ്ഥാനത്ത് പ്രദേശികമായും അതേസമയം വലിയ ഒരു ഭൂപ്രദേശത്തെയാകമാനം ബാധിക്കുന്ന പ്രകൃതിക്ഷോഭങ്ങളെ  നാശനഷ്ടങ്ങൾ ലഘൂകരിക്കും വിധമെങ്കിലും നേരിടുന്നതിനും, അത്തരം ദുരന്ത സാഹചര്യങ്ങളിൽ തങ്ങളാലാവുംവിധം പൊതുസമൂഹം ഇടപെടാനും കഴിയുക എന്നതാണ് ഏറ്റവും ഫലപ്രദമായ പ്രതിരോധചാലകം.

ഇവിടെയാണ് നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് പ്രധാനമായികാണേണ്ടത്. എങ്ങനെ നമ്മുടെ ആർട്സ് ആന്റ് സയൻസ് കോളജുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇത്തരം ദുരന്ത നിവാരണം, ദുരന്ത-പ്രവചനം, ദുരന്ത-ലഘൂകരണം എന്നീ പ്രക്രിയകളിൽ സർക്കാരിനോടും പൊതുസമൂഹത്തോടും ഒത്തുചേർന്ന് നൂതനമായ ആശയങ്ങൾ രൂപീകരിക്കാനും അവ നടപ്പിലാക്കാനും കഴിയും എന്നത് അക്കാദമിക്സമൂഹം ഒരു വെല്ലുവിളിയായി ഏറ്റെടുക്കേണ്ടതാണ്. പ്രകൃതിക്ഷോഭങ്ങൾ  ഭൂവിസ്തൃതിയിൽ ചെറുതായ കേരളത്തിനെയും തെല്ലൊന്നുമല്ല ആക്രമിച്ചുകൊണ്ടിരിക്കുന്നത്. തെക്ക് പടിഞ്ഞാറ് മൺസൂൺ കനക്കുമ്പോൾ കേരളം മുമ്പത്തെക്കാളേറെ ഇടിമിന്നൽ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, കടലാക്രമണം മുതലായവയിൽ നിന്നുള്ള ഭീഷണി നേരിടുകയാണ്. ഇവയെ ഫലപ്രദമായി നേരിടുവാൻ പ്രതിരോധനിർമ്മിതികളിൽ (Structural Measures) ആശ്രയം കണ്ടെത്തുന്നത് പൂർണ്ണമായും ഗുണകരമല്ലെന്ന തിരിച്ചറിവ് എങ്ങനെ ദുരന്തബാധിതരെ കൂടുതൽ സജ്ജരാക്കി ആഘാതം കുറയ്ക്കുക എന്നതിന്റെ പ്രാധാന്യത്തിലേക്ക് വിരൽചൂണ്ടുന്നു.

- നദീതട-നീർച്ചാൽവിശകലനം (River Channel Analysis) കാലാകാലങ്ങളിൽ നടത്തി ഉൾക്കൊള്ളാവുന്ന ജലശേഷിയും (Carrying Capacity) ആവശ്യമായ ഭാഗങ്ങളിൽ നദീമാപിനികൾ (River Gauges) സ്ഥാപിക്കുകയും നിലവിൽസ്ഥാപിച്ചവയുടെ കൃത്യതാസ്ഥിരീകരണം (Recalibration) പുനക്രമീകരിക്കുകയുമാണ് എത്രയുംവേഗം ചെയ്യേണ്ടത്. ഇത് നിലവിൽ ജലവിഭവ വകുപ്പാണ് ചെയ്തുപോരേണ്ടത്. നദികളുടെയും നീർച്ചാലുകളുടെയും സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കുക, പുതിയചാലുകളും മൺമറഞ്ഞും ഉപേക്ഷിക്കപ്പെട്ടതുമായ നീർച്ചാലുകൾ പുനസ്ഥാപിച്ച് വെള്ളത്തിന്റെ ഒഴുക്ക് ത്വരിതപ്പെടുത്തുക എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്.
- വെള്ളപ്പൊക്ക സാദ്ധ്യതയുള്ള നദീഭാഗങ്ങളിലെ പ്രത്യേകിച്ചും സമതല, തീരപ്രദേശങ്ങളിലെ നദീതീരത്തെയും നിർച്ചാൽ വരമ്പുകളുടെയും (River Embankments) സ്വാഭാ

വികവ്യവസ്ഥകളെ ദോഷകരമായി ബാധിക്കാത്ത വിധത്തിലുള്ള ചൂഷണം മാത്രമേ നടക്കാവൂ എന്ന സ്ഥിതിവിശേഷം അടിയന്തിര പ്രാധാന്യമുള്ളതാണ്.

- സാങ്കേതികവിദ്യ അതിവേഗം കുതിക്കുമ്പോൾ അവയെ അടിസ്ഥാനപ്പെടുത്തി ഇന്ന് ലഭ്യ മായ കാലാവസ്ഥാപ്രവചന സംബന്ധിയായ പ്രളയ ഭൂപടങ്ങൾ (Flood Zonation Maps), ജലമാപിനികൾ ഉൾപ്പെടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർവകുപ്പുകൾ എന്നിവയിലേക്ക് എത്തിചേരുവാനും അവയെ സമയബന്ധിതമായി മുൻകരുതലോടെ അതാതു പ്രദേശങ്ങളിലെ ബോധവൽകരണ നടപടികളും ജനപ്രതിനി ധികൾ വഴിഏകോപിപ്പിച്ച് നടപ്പിലാക്കാനും കഴിയണം.
- നദികളുടെയും പുഴകളുടെയുംതീരങ്ങളാണ് പ്രകൃതിദുരന്തത്തിൽ ഏറ്റവും വേഗത്തിൽ പരുക്കേൽക്കപ്പെടുന്നവ. തീരങ്ങളുടെ സംരക്ഷണം അതിനാൽ ഏറ്റവും മുൻഗണന അർഹിക്കുന്ന ഒന്നാണ്. വെള്ളപ്പൊക്ക സാദ്ധ്യത ഏറെയുള്ള നദീതടങ്ങളിലും നീർച്ചാൽ പാർശ്വങ്ങളിലെയും അനധികൃത കയ്യേറ്റങ്ങളും അവയുടെ അശാസ്ത്രീയമായ ചൂഷ ണവും വിനിയോഗവും തടയുന്നതിനാവശ്യമായ ആധുനിക നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക
- വെള്ളപ്പൊക്കം/വെള്ളക്കെട്ട് എന്നിവയ്ക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽമണ്ണിന്റെ ഘടന (Soil Texture), ചരിവ്ദൃഢത(Slope Stability), ഉപരിതല ഭൂപ്രകൃതി (Surface Topography) എന്നിവയ്ക്ക് ഇണങ്ങുന്ന രീതിയിലുള്ളചെലവ്കുറഞ്ഞ നിർമ്മാണങ്ങളാണ് അഭിലഷണീയം.
- ജില്ലകളിലെതാഴ്ന്ന ഭൂപ്രദേശങ്ങൾ പ്രത്യേകിച്ചും സമുദ്രനിരപ്പിൽനിന്നും 10 മീറ്ററിൽ ഉയര ത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചുംറോഡ് നിർമ്മാണം പോലുള്ള പ്രവർത്തനങ്ങൾ നിലവിലുള്ള നീർച്ചാലുകളുടെയോ, നീർത്തടങ്ങളുടെയോ സ്വാഭാവിക നീരൊഴുക്കിനെ ഗണ്യമായി തടസ്സപ്പെടുത്താത്തവിധം മാത്രമേ നടത്താവൂ.
- നീർത്തടങ്ങൾ മണ്ണിട്ട് നികത്തുന്നത് വെള്ളക്കെട്ടിനും വെള്ളപ്പൊക്ക ഭീഷണിക്കും മുഖ്യകാരണങ്ങളിലൊന്നാണ്. അതോടൊപ്പം തന്നെ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന നീർച്ചാലുകളും തോടുകളും അപ്രത്യക്ഷമാകുകയും ചെയ്തു. തോടുകളും നീർച്ചാലു കളും ഉപയോഗക്ഷമമല്ലാത്ത തരത്തിലേക്ക് നശിപ്പിക്കുന്ന ഏറ്റവുമധികം പ്രധാന കാരണം അവയിലേക്ക് നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യ വസ്തുക്കളാണ്. സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നു എന്നതുമാത്രമല്ല, ജല ത്തിന്റെജൈവികത പൂർണ്ണമായും ഇവ ഇല്ലാതാക്കുന്നു.
- ഓരോ ജലസ്ത്രോതസ്സുകളെയും മനുഷ്യൻ കുളിക്കാനും നനയ്ക്കാനും ഉപയോഗപ്പെടു ത്തിയിരുന്ന ഒരു കാലത്തുനിന്നും പിന്തിരിഞ്ഞതോടെ ഈ ജലസ്ത്രോതസ്സുകളെ അഴുക്കുചാലുകളാക്കി കാലക്രമേണമാറ്റുകയാണുണ്ടായത്. ഇത് രണ്ടും പരസ്പര പൂരക ങ്ങളെങ്കിലും നഗരങ്ങളിൽ പോലും ജലസ്ത്രോതസ്സുകളെ ജനങ്ങൾക്ക് ഉപയോഗക്ഷമമാ കുവാൻ പ്രേരിപ്പിക്കുംവിധം (കുളിക്കുവാനും, നീന്തൽ പഠിക്കുവാനും, ജലവിനോദോപാ ധികൾക്കും ടൂറിസം അനുബന്ധ സൗകര്യങ്ങൾക്കുമായി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങ ളുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുക്കുന്നതിലൂടെ ജലാശയങ്ങൾ ശുദ്ധമായി നില നിർത്തേണ്ടതിന്റെ ആവശ്യകത സമൂഹം തിരിച്ചറിയും.
- നഗരങ്ങളിലെയും നഗരപ്രാന്തപ്രദേശങ്ങളിലെയും നീർച്ചാലുകളിലും പുഴകളിലും മലിനീ കരണം, അനധികൃത കയ്യേറ്റങ്ങൾ എന്നിവകൈയ്യോടെ പിടികൂടുന്നതിന് തീവ്രനിരീക്ഷണ

സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ് (ക്യാമറ, വ്യക്തിഗത നിരീക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക)

- വെള്ളപ്പൊക്ക കെടുതികളെവർഷാവർഷം നേരിടേണ്ട സാഹചര്യമുള്ളപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പലപ്പോഴും അനുബന്ധിതരോഗങ്ങളിലേക്ക് പോലും എളുപ്പത്തിൽ വഴിതുറക്കും. ഇത്തരം ക്യാമ്പുകളായി പ്രവർത്തിക്കേണ്ടിവരുന്ന സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും അനുയോജ്യമായ ക്രമീകരണങ്ങൾ സ്ഥിരമായി ഏർപ്പെടുത്തുന്നത് (ടോയ്‌ലെറ്റ്, പാചകസൗകര്യങ്ങൾ, തടസ്സമില്ലാതെവൈദ്യുതി, കുടിവെള്ളം, ഡോർമിറ്ററി മാതൃകയിൽ കിടപ്പ് സജ്ജീകരണങ്ങൾ) സഹായകരമാകും.
- ഉപയോഗക്ഷമതയുള്ള മോട്ടോർ ബോട്ടുകളും വള്ളങ്ങളും ആവശ്യാനുസരണം ഇത്തരം അവസരങ്ങളിലേക്ക് കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി ഒരുക്കി നിർത്തുവാൻ മുൻകരുതൽ വേണം.
- വെള്ളക്കെട്ട്/വെള്ളപ്പൊക്കം എന്നിവ സൃഷ്ടിക്കുന്ന പ്രതിസന്ധികളിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന വിഭാഗം, സ്ത്രീകൾ, വൃദ്ധജനങ്ങൾ, കുട്ടികൾ എന്നിവരെയാണ്. സാമൂഹിക നീതിവകുപ്പ് ഉൾപ്പെടെ ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടതാണ്. സുരക്ഷിതമായ ദുരിതാശ്വാസ ക്യാമ്പുകൾ ആണ് ഏറ്റവും അത്യന്താപേക്ഷിതം.

വിദ്യാഭ്യാസസ്ഥാപനങ്ങളിലെകുട്ടികളെ ഉൾപ്പെടുത്തി ഓരോ ജലസ്ത്രോതസ്സിനെയും അടിസ്ഥാനപ്പെടുത്തി ഇവയുടെ ചൂഷണം തടയൽ, ഒഴുക്ക് വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, ജലവിഭവ മാപ്പിംഗ് (Water Resource Map), ജലതോത്വ്യതിയാന നിരീക്ഷണം(Hydrographic Level Monitoring), ജലസ്രോതസ്സുകളുടെ വെള്ളപ്പൊക്ക തീഷ്ണതാമാപ്പ് (High Flood Level Map), അവയുടെ പരമാവധി ശുദ്ധമായ ഉപയോഗം, പൊതുസമൂഹത്തിന് അവബോധനം, ഈ മേഖലകളിലെല്ലം പ്രയോജനപ്പെടുത്താവുന്ന നൂതന സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കൽ എന്നിങ്ങനെ തുടങ്ങി നിരവധി ആശയങ്ങളുടെ പ്രയോഗികത സാദ്ധ്യമാക്കിയെടുക്കാവുന്നതാണ്. എൻജിനീയറിംഗ് വിദ്യാർഥികൾക്കാകട്ടെ, മുന്നറിയിപ്പ്സംവിധാനങ്ങൾ, വെള്ളപ്പൊക്ക കെടുതി സാദ്ധ്യതാ ഭൂപടം (Flood Hazard Vulnerability Map),അവയെഅടിസ്ഥാനപ്പെടുത്തി മുന്നറിയിപ്പ് സെൻസറുകൾ, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സഹായകരാമയ ഡ്രോണുകൾ രൂപപ്പെടുത്തുക തുടങ്ങിയവ നിർമ്മിക്കുവാനും ആവശ്യാനുസരണം ഭേദഗതി വരുത്തുവാനും കഴിയും.

- സംയോജിത ഭൂവിനിയോഗാസൂത്രണം (Integrated Land-Use Planning) വഴി ഓരോ നദീതടത്തിന്റെയും സ്വാഭാവികതയ്ക്ക് ഭംഗം വരാതെ ഭൂവിനിയോഗം സാദ്ധ്യമാക്കുക
- കൃത്രിമ വെള്ളപ്പൊക്ക സാദ്ധ്യതാ മാതൃകകൾ (Flood Simulator Models) വികസിപ്പിച്ച് പ്രാദേശികമായുണ്ടാവുന്ന ആഘാതങ്ങൾ വിലയിരുത്തുക
- സൂക്ഷ്മമായകൃത്യത ഉറപ്പാക്കുംവിധം വെള്ളപ്പൊക്ക മുന്നറിയിപ്പ് (Flood Hazard Warning) സംവിധാനങ്ങൾ ഒരുക്കുക

എന്നിവയിലേക്ക് പുതുതലമുറ സാങ്കേതിക വിദഗ്ധരുടെ സേവനം പരമാവധി നേടിയെടുക്കാൻ സർക്കാർ ഏജൻസികൾ, സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവർ മുൻഗണനയും പ്രോത്സാഹനവും നൽകണം.

സർക്കാർവകുപ്പുകൾ, പ്രത്യേകിച്ചും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന ഇത്തരം വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസസ്ഥാപങ്ങളിലെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി നടത്തിപ്പിലും നിയമനിർവ്വഹണത്തിലും കൂടുതൽ കാര്യക്ഷമത നേടിയെടുക്കാവുന്നതാണ്. കോളജുകളിലെ നാഷണൽ സർവ്വീസ് സ്കീം പോലുള്ള കുട്ടികളുടെ കൂട്ടായ്മകളുമായി ചേർന്ന് ഇന്ന് നമ്മുടെ സർക്കാർ സ്ഥാപനങ്ങൾ സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ വിരളമാണ്. അതേസമയം വിവിധ സർക്കാർ വകുപ്പുകൾ അവയുടെ പ്രവർത്തന മേഖലകളിൽ ആവും വിധം വിദ്യാർത്ഥി അദ്ധ്യാപക സമൂഹത്തിനെ ഉപയോഗപ്പെടുത്താവുന്നതാണ്. കേരളത്തിന്റെ ഭൂപ്രകൃതിയിലെ വൈവിദ്ധ്യങ്ങൾക്കൊണ്ടുതന്നെ നമ്മൾ നേരിടുന്ന പ്രളയജല കെടുതികളും വൈവിദ്ധ്യസ്വഭാവത്തിലുള്ളതുമാണ്. അതിനാൽ ഇവയെ നേരിടുന്നതിലും വൈവിദ്ധ്യങ്ങളായസാഹചര്യങ്ങൾക്കനുസൃതമായ പ്രതിപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യേണ്ടത്. കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ ഭാഗത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടി രീതികൾ അതേപടി ആലപ്പുഴ നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാനോ, മലപ്പുറം മമ്പാട് ഭാഗത്തെ പ്രളയക്കെടുതി പരിഹരിക്കാനോ പര്യാപ്തമാവണമെന്നില്ല. ഈ സാഹചര്യത്തിലാണ് പ്രദേശികമായും മേഖലാ അടിസ്ഥാനത്തിലുമായി നമുക്ക് വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ (Regional and Local Flood Emergency Planning) രൂപപ്പെടുത്തേണ്ടതുണ്ട്. ഇത്തരംകെടുതികളിൽ നമ്മുടെ സ്വാഭാവികജീവിതംആകെ നിശ്ചലമാകുന്ന രീതിയിൽ നാം സ്വയംതുങ്ങപ്പെടാതെദുരിതങ്ങളിൽഅതിജീവിച്ചുകൊണ്ട്ദൈനംദിന പ്രവർത്തനങ്ങൾ തടസ്സമില്ലാതെമുന്നോട്ട്കൊണ്ടുപോകാൻ പ്രാപ്തരാക്കുക (live with floods) എന്നതാണ് ഇത്തരം പദ്ധതി ആസൂത്രണം വഴി യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്നത്. സ്കൂളുകൾക്ക് അവധി നൽകിയും, അടിസ്ഥാന സംവിധാനങ്ങൾ പിൻവലിച്ചും പരിഹരിക്കാവുന്നതല്ല ദുരന്ത നിവാരണ പ്രവർത്തനങ്ങൾ. മറിച്ച്, പ്രതികൂലസാഹചര്യങ്ങളിലും ദുരിതബാധിതരെ തങ്ങളുടെ തൊഴിൽ, സ്വാഭാവികജീവിതചര്യകൾ എന്നിവയ്ക്ക് ഭംഗംവരാതെ സർക്കാർ-പൊതുസമൂഹ-സഹായത്തോടെ ഉത്സുകരാക്കുക എന്നതിനായി മുന്നൊരുക്കങ്ങൾ ഇപ്പോഴെതുടങ്ങാം, അത് ഒരു ദുരന്ത അതിജീവന സംസ്കാരത്തിലേക്ക് മാതൃകയാകും.

Proceedings of Social Preparedness of Disaster Management and Geo-Scientific Strategies
The Kerala State Higher Education Council 2020
Except where otherwise noted, this work is licensed under https://creativecommons.org/licenses/by-nc-sa/4.0/

# കേരളവുംസുനാമി സാധ്യതയും മുൻകരുതൽ നടപടികളും

**ഡോ.സുനിൽ പി. എസ്.**
അസ്സോസിയേറ്റ്പ്രൊഫസർ
ഡിപ്പാർട്ട്മെന്റ്ഓഫ് മറൈൻ ജിയോളജിആന്റ്ജിയോ ഫിസിക്സ്
സ്കൂൾഓഫ് മറൈൻ സയൻസ്സ്
കൊച്ചിൻ യൂണിവേഴ്സിറ്റിഓഫ് സയൻസ് ആന്റ്ടെക്നോളജി, കൊച്ചി - 16
sunilps@cusat.ac.in

## എന്താണ്സുനാമി ?

വൻതോതിലുള്ള സമുദ്രാന്തർ ഭൂചലനങ്ങൾ, അഗ്നി പർവ്വത സ്ഫോടനം, മണ്ണിടിച്ചിൽ, ഉൽക്കാപതനം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ഭാഗമായി സമുദ്രജലത്തിനു സംഭവിക്കുന്ന സ്ഥാനചലനങ്ങൾ മൂലം ഉറവിടസ്ഥലത്തു നിന്നും പുറപ്പെട്ടു കിലോമീറ്ററുകളോളം സഞ്ചരിച്ചു തീരപ്രദേശങ്ങളിൽ എത്തിച്ചേരുമ്പോൾ രൂപാന്തരം സംഭവിക്കുന്ന ഭീമാകാരങ്ങളായ തിരമാലകളെയാണ് സുനാമി എന്ന് വിളിക്കുന്നത്. ജപ്പാൻ ഭാഷയിലെ ‘തുറമുഖം’ എന്നർത്ഥം വരുന്ന ‘സു’ എന്ന വാക്കിൽ നിന്നും, ‘തിര’ എന്നർത്ഥം വരുന്ന ‘നാമി’ എന്ന വാക്കിൽ നിന്നുമാണ് സുനാമി എന്ന വാക്ക് ഉത്ഭവിച്ചിരിക്കുന്നത്.




## പ്രധാന സുനാമി ഉത്ഭവകാരണങ്ങൾ

പ്രധാനമായി ഭൂമിയുടെ ഉള്ളറകളിൽ നടക്കുന്ന താപ സംവഹനം മൂലമുള്ള വിവർത്തന പ്രക്രിയകൾകൊണ്ട് സമുദ്രാടിത്തട്ടിലുള്ള ഭ്രംശ ഫലകങ്ങൾക്കു ചലനം സംഭവിക്കുകയും തന്മൂലം ഉണ്ടാകുന്ന സമ്മർദ്ദം മൂലം ഫലകങ്ങളുടെ അതിർത്തികൾ തമ്മിൽ ഉരസി ഉണ്ടാകുന്ന ഭൂചലനങ്ങൾ സമുദ്രത്തിന്റെ അടിത്തട്ട് ചലിപ്പിക്കുകയും ഉപരിതലത്തിലുള്ള സമുദ്രജലത്തെ ലംബമായി തള്ളുകയോ വലിക്കുകയോ ചെയ്യുമ്പോഴും അതേ താപ സംവഹന വിവർത്തന പ്രക്രിയ ഹേതുവായ സമുദ്രാന്തര അഗ്നിപർവത സ്ഫോടനങ്ങൾ മൂലവും പ്രധാനമായും സുനാമി തിരമാലകൾ രൂപപ്പെടുന്നു. ഇവയെകൂടാതെ, ഭൂചലനം മൂലം സമുദ്രതീരത്തിനോട് ചേർന്നിട്ടുള്ള മണൽത്തിട്ടകളിലുണ്ടാകുന്ന

വൻതോതിലുള്ള മണ്ണിടിച്ചിൽമൂലവും ബഹിരാകാശത്തു നിന്നുള്ള ഉൽക്ക പതനം മൂലവും സാമാന്യം വലിയതോതിലുള്ള സുനാമി തിരമാലകൾ ഉണ്ടാകാറുണ്ട്.




Tsunami caused by an earthquake

ചിത്രം 2




Tsunami caused by the volcano

ചിത്രം 3

ഉയർത്തപ്പെട്ട ജലം ഗുരുത്വാകർഷണ ബലംമൂലം താഴുമ്പോൾ തിരകൾ രൂപപ്പെടുന്നു. ഈ തിരകൾ സമുദ്രത്തിലൂടെ, തരംഗങ്ങളായി ചുറ്റുപാടും സഞ്ചരിക്കുന്നു. സുനാമിയുടെ ഏകദേശ വേഗത മണിക്കൂറിൽ അഞ്ഞൂറുമൈലും ഉയരം ഉൾക്കടലിൽ സാധാരണഗതിയിൽ ഒരു മീറ്ററിൽ താഴെയുമായിരിക്കും. കരയോടടുക്കുന്തോറും കടലിന്റെ ആഴം കുറയുകയും അതിനാൽ സുനാമിയുടെ വേഗത ഗണ്യമായി കുറയുകയും ചെയ്യും. അപ്രകാരം വേഗവും തരംഗദൈർഘ്യവും കുറയുന്നതോടെ, തിരകളുടെ നീളം കുറുകി ഉയരം കൂടാൻ തുടങ്ങുകയും ഭീമാകാരങ്ങളായ തിരമാലകളായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. പൊതുവെ സാധാരണ കടൽതിരമാലകളെ അപേക്ഷിച്ചു സമുദ്രാന്തർഭാഗത്തു അളവറ്റ ഊർജ്ജത്തോടുകൂടി ഉടലെടുക്കുന്ന സുനാമി തിരമാലകൾ. ഒട്ടും ഊർജ്ജ നഷ്ടമില്ലാതെ ഉത്ഭവകേന്ദ്രത്തിൽ നിന്നും പുറപ്പെട്ടു മണിക്കൂറുകളോളം സഞ്ചരിച്ചു ആയിരക്കണക്കിന് കിലോമീറ്ററുകൾ അകലെ തീരപ്രദേശങ്ങളിൽ എത്തി വൻ നാശനഷ്ടങ്ങൾ വിതയ്ക്കാൻ ശേഷിയുള്ള വയാണ്.

**കേരളവും സുനാമിയും**

ഭൂചലന സാധ്യത കണക്കിലെടുക്കുമ്പോൾ ഇന്ത്യൻ ഫലകത്തിന്റെ ഏറ്റവും സുരക്ഷിതമായ ഭാഗമെന്നു കരുതപ്പെടുന്ന ഒരു പ്രദേശത്താണ് കേരളത്തിന്റെസ്ഥാനം എങ്കിലും പൊതുവേ ഭ്രംശസജീവമായ ഇന്ത്യ..... ഫലകങ്ങളുടെ അതിർത്തിയോടു ചേർന്നുള്ള ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂമിശാസ്ത്രപരമായസ്ഥാനവും, സുനാമി തിരമാലകളുടെ മേൽപ്പറഞ്ഞ സവിശേഷതകളും

കണക്കിലെടുത്താൽ നമ്മുടെ കൊച്ചുകേരളം വളരെയധികം സുനാമി സാധ്യതയുള്ള പ്രദേശത്താണ് നില നിൽക്കുന്നതെന്ന് മനസിലാക്കാൻ സാധിക്കും (ചിത്രം 4).




ചിത്രം 4

2004 ഡിസംബറിൽ ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഇന്തേനേഷ്യയിലെ സുമാത്രയുടെ പടിഞ്ഞാറ് തീരത്തു ഭൂകമ്പമാപിനിയിൽ തീവ്രതരേഖപ്പെടുത്തിയ ഭൂകമ്പത്തെ തുടർന്ന് ആഞ്ഞടിച്ച സുനാമി ഇന്തോനേഷ്യ, തായലന്റ്, ഇന്ത്യ, ശ്രീലങ്ക, മാലിദ്വീപ് തുടങ്ങിയരാജ്യങ്ങളിൽ വൻ നാശനഷ്ടം വിതയ്ക്കുകയായിരുന്നു. ലോകത്തിലെ തന്നെ ഏറ്റവും ഭീകരമായ പ്രകൃതിദുരന്തരങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന ആ സുനാമിയിൽ ഏറ്റവുമധികം നാശമുണ്ടായതും ഇന്തോനേഷ്യയിലാണ് എങ്കിലും ഇന്ത്യയിൽ മാത്രം പതിനായിരത്തോളം ആളുകൾക്കാണ് ജീവൻ നഷ്ടപ്പെട്ടത്. കേരളം, തമിഴ്നാട്, ആന്ധ്രാപപദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് സുനാമി വൻ ആഘാതമുണ്ടാക്കിയത്. കേരളത്തിൽമാത്രം ആയിരത്തോളം ജിവനുകളാണ് സമുനാമി കവർന്നെടുത്തത്.

**സുനാമി മുന്നറിയിപ്പ്സംവിധാനം**

2004 ഡിസംബറിനു മുൻപ് ഇന്ത്യയിൽ സമുനാമി മുന്നറിയിപ്പ് സാധ്യതവളരെ കുറവായിരുന്നു എങ്കിലും സുനാമിക്ക് ശേഷം ഇന്ത്യൻ സർക്കാർ വളരെ ഗൗരവത്തോടുകൂടി സുനാമി കെടുതികൾ വിലയിരുത്തുകയും അതിന്റെ ഫലമായി ഇന്ത്യയിലെ ആദ്യസമുനാമി മുന്നറിയിപ്പ് സംവിധാനം 2017 ഒക്ടോബർ 1 മുതൽ കേന്ദ്രസർക്കാറിന്റെ കീഴിലുള്ള ഹൈദ്രബാദ് ആസ്ഥാനമായുള്ള ഇന്ത്യൻ നാഷണൽ സെന്റർഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസ് (INCOIS) എന്ന ഗവേഷണസ്ഥാപനത്തിന്റെ സാഹായത്തോടുകൂടി ഇന്ത്യയിലെ തീരപ്രദേശത്തു താമസിക്കുന്ന മത്സ്യബന്ധന തൊഴിലാളികൾ ഉൾപ്പെടെയുള്ളഎല്ലാ ജനങ്ങളിലുംവളരെ ഫലപ്രമായി എത്തിച്ചുകൊടുത്തു കൊണ്ടിരിക്കുന്നു.

**ഭൂചലനം /സുനാമി മുന്നറിയിപ്പും മുൻ കരുതലുകളും**

1. ഭൂചലനമോ അതോടനുബന്ധിച്ചുള്ള സുനാമി മുന്നറിയിപ്പോകിട്ടിക്കഴിഞ്ഞാൽ സ്വയം പരിഭ്രാന്തർ ആകാതെ ആത്മസംയമനം പാലിക്കുകയും, മറ്റുള്ളവരിലേക്കു പരിഭ്രാന്തി പടർത്താതിരിക്കുകയും ചെയ്യുക എന്നുള്ളതാണ് ആദ്യമായി ഓരോരുത്തരും കൈക്കൊള്ളേണ്ട മുൻകരുതൽ നടപടി.
2. സുനാമി മുന്നറിയിപ്പ് കിട്ടിക്കഴിഞ്ഞാലുടൻ എത്രയും പെട്ടെന്നു സമുദ്രതീരപ്രദേശങ്ങളിൽ നിന്നും എത്ര ദൂരത്തോളം ഉയർന്നതും തുറസ്സായതുമായ പ്രദേശങ്ങളിലേക്ക് പോകാമോ അത്രയും മാറുകയും ഒപ്പം മറ്റുള്ളവരെയും പ്രത്യേകിച്ചു കുട്ടികളെയും വളരെ മുതിർന്നവരെയും മാറ്റി പാർപ്പിക്കുകയും ചെയ്യുക.
3. സുരക്ഷിതസ്ഥലങ്ങളിലേക്ക് മാറുമ്പോൾ, ആവശ്യത്തിനു ഭക്ഷണം, എയ്ഡ്കിറ്റ്, ലൈറ്റുകൾ ആവശ്യത്തിന് ബാറ്ററികൾ എന്നിവ കരുതികൊണ്ടുവേണം സുരക്ഷിതസ്ഥാനങ്ങളിലേക്കു നീങ്ങാൻ.
4. സ്വന്തം വീട് വിട്ട് സുരക്ഷിത സങ്കേതങ്ങളിലേക്കുപോകുമ്പോൾ വീട്ടിലെവൈദ്യുതി, ഗ്യാസ് എന്നിവ പ്രവർത്തന രഹിതമാക്കാൻ മറക്കരുത്.
5. ഭൂചലനമോ സുനാമിയോ ഉണ്ടാകുമ്പോൾ ലിഫ്റ്റുകൾവഴി രക്ഷപ്പെടാൻ ശ്രമിക്കരുത്. അവ നിന്നുപോയേക്കാം
6. ഭൂചലനം അനുഭവപ്പെടമ്പോൾ കെട്ടിടത്തിന് അകത്താണെങ്കിൽ അകത്ത് തന്നെ നിൽക്കുക. പുറത്താണെങ്കിൽ പുറത്ത് തന്നെ നിൽക്കുക. കെട്ടിടത്തിന് അകത്താണെങ്കിൽ ചുവരിനോട് ചേർന്ന് നിൽക്കുക. വാതിലകളുടെയും ജന്നലുകളുടെയും അടുത്ത് നിൽക്കാതിരിക്കുക.
7. വലിയ ഭാരമുള്ളസാധനങ്ങൾ ഷെൽഫിലും മറ്റുംവെയ്ക്കാതിരിക്കുക. അവ കുലുക്കത്തിൽതാഴെ വീഴാൻ സാധ്യതയുണ്ട്. ഭൂചലനം അനുഭവപ്പെടുമ്പോൾ വലിയ ഫർണിച്ചറുകൾ, കബോർഡ് തുടങ്ങിയവ ഭിത്തിയിൽ ചാരിവെക്കുകയോ നിലത്ത് കിടത്തിവെക്കുകയോ ചെയ്യുക.
8. ഭൂകമ്പ സമയത്തു കൊച്ചുകുട്ടികളെയും മറ്റും ബലമുള്ള ടേബിൾന്റെയോ കട്ടിലിന്റെയോ അടിയിലോ സുരക്ഷിതമായി ഇരുത്തുക. ഇതുമൂലംമുകളിൽ നിന്നുംവീഴുന്ന വസ്തുക്കൾമൂലമുള്ള അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും
9. ഭൂചലന സമയത്തു കാർ ഓടിക്കുകയാണെങ്കിൽ കാർ നിർത്തി വണ്ടിക്കകത്ത് തന്നെ ഇരിക്കുക. ഭൂചലനം കഴിയുന്നത് വരെ കാറിൽ നിന്നും പുറത്തിറങ്ങാതിരിക്കുക.
10. ഭൂചലനത്തിനോ സുനാമിക്കോശേഷം നിങ്ങൾക്കോ കൂടെയുള്ളവർക്കോ അപകടങ്ങളോ മുറിവോ ഉണ്ടോ എന്ന് പരിശോധിക്കുക. ആവശ്യക്കാർക്ക് ഫസറ്റ് എയ്ഡ് കൊടുക്കുക
11. ഭൂചലനത്തിലോ സുനാമിയിലോ ചെറിയതോതിൽ അപകടം സംഭവിച്ച കെട്ടിടങ്ങളിൽ നിന്നും എത്രയുംവേഗം പുറത്തിറങ്ങുക
12. ഭൂകമ്പത്തിനോ സുനാമിക്കോശേഷം സുരക്ഷിതസ്ഥാനങ്ങളിൽ നിന്നുംസ്വന്തം വീടുകളിലേക്ക് തിരിച്ചെത്തുമ്പോൾ, ഗ്യാസ് തുടങ്ങിയവയുടെ കേബിളുകൾ പരിശോധിക്കുക. ഗ്യാസ്‌ലീക്കാകുന്നുണ്ടെങ്കിൽ ജനലുകളും വാതിലുകളും തുറന്നിട്ടശേഷം ബന്ധപ്പെട്ടവരെ വിവരം അറിയിക്കുക

Proceedings of Social Preparedness of Disaster Management and Geo-Scientific Strategies
The Kerala State Higher Education Council 2020
Except where otherwise noted, this work is licensed under https://creativecommons.org/licenses/by-nc-sa/4.0/

# Open Discussion

**Prof. E. Kunhikrishnan** [Environmentalist]

He pointed out the sites which have been visited by him, are affected by land subsidence, development of cracks, widening of deep cracks even after the rain, the people around such areas are still in the apprehension of further development of any major land destruction. It is necessary from the part of scientific community and authorities to study in detail, about the possible after effects of the present surface destruction and realignment, if happened. So that, the people residing in the areas are to be set free from any unscientific agony. In areas like Pamba, the river is being diverted in the sake of development suitable for pilgrimage season. The sand piled up due to the river flooding has been removed in large quantity. Whether this is based on any specific scientific study is not clear. Therefore, government should study the effects of flood in detail especially in Idukki and Wayanad districts and also to evolve a master plan of development in these areas. Similarly a proper communication to be given to the public and authorities so as to prepare will before the next disaster.

**Dr.G. Sankar** [Consulting Scientist, NCESS]

There is a complex situation happened this time, with slash slides, soil piping etc have aggravated the situation, and lots of juvenile pipes have been developed and caused for soil piping and heavy soil slumping or erosion. In areas of thick overburden, like those in Thrissur and Waynad areas, large acres of land has been sliding down. In th surface, the sliding at different areas of a locality cannot be visible as they are connected, but when detailed studies, it all shows that they are interconnected in subsurface. The movement is such areas are found rotational and maximum damage has occur on its toe areas. In Wayanad big cracks are developed on toe areas. I suggest that, the slope vulnerability of damage like landslides/slumping is more common on slopes of 24 to 30 degree gradient. Whereas, those areas of slopes exceeding this value, much erosion is common. It is important to develop a practice of planting more" water loving plants/trees" on such areas to reduce such damage.

**Dr. S.N.Kumar**[Faculty, Dept. of Geology, University of Kerala]

A vast repository of data is now scattered in various organizations and institutions which are useful in disaster management but they are not combined for effective use. Organizations like NCESS, ISRO etc shall make these data available for the common public. Similarly Mapping shall be done at a larger scale as presently only scale maps are available with us, which are not useful in a significant level. How able we to get remote sensing data from ISRO although they claim that they have high resolution data with them, but not available to anyone. As similar in case of highway development and land acquisition method, why don't the government to think about rehabilitation or compensation for those people live in the highly potential areas of hazards or affected ones with appreciable amount of compensation or total rehabilitation though some legislation.

As we study moral values in schools, why don't we use disaster awareness in the curriculum of school within the language syllabus instead of it as a separate one. In higher classes like higher secondary, compulsory NCC/NSS to be implemented and through which such awareness or training can be given. Even in the case of higher education, UGC instruct to include disaster management in environmental science, but in the state of Kerala it has not been implemented. The government has taken a major step that, further construction is not allowed in the areas of disaster affected.

**Dr. Sajinkumar**[Faculty, Dept. of Geology, University of Kerala]

It is very important to get high resolution data for the benefit of disaster management. ISRO does not have any data or resolution maps of 1m resolutions they claim. There should be some effort from the part of such organizations to develop high resolutions maps in this context, as in the recent history of heavy flood in 89 and 90 Japan and Canadian space agency had 0.5m resolution maps with them. So it is the peak time, that ISRO should develop such high resolution maps in order to facilitate the policy makers and rescue team to effectively operate their activities in any ind=cadence of hazards. He made 3 suggestions

[1] Make the policy makers and administrators about the urgent necessity of preparing cadastral maps of 1:40000 scale [2] Include natural hazards and management in school level curriculum [3] Bring all data on disaster management including high resolutions maps in to a common portal for easy access to academics, administrators and policy makers

**Prof. Rajan Gurukkal** [Vice Chairman, KSHEC]

Prof. Gurukkal emphasized the need of solid scientific knowledge component in policy making and environmental protection. He stressed the bridging up of cross disciplinary illittracy exist among various sciences of environmental domains which is necessary to find solutions to

many environmental issues. The techno-economic capabilities of every period has the tendancy to modify the ecology of any region based on their requirement regardless of whether it affects the environment or not. There are numerous reservoirs in the state, but there is no benchmarking of the knowledge as to how much quantity of water inflow can lead to any risk based on various alerts. And technicians do not bother about the social implications of these alerts. So, in response to every phyiographicportios of the state, there shall be a geological benchmarking to be made, so that various vulnerable levels of disasters of those regions are easily available to the public and policy makers. In every place, the dominant economy prevail will determine the fate of the environment and ecology. This is not limited to any smaller society. It is crucial to prioritize whether the protection of wetland is important or the express highway is needed. Even in the case of Gadgil Committee sittings held at grass root levels, the groups of vested interests or the dominant economy group had the influence to modify the report as per their choice to some extent. Every bill or legislation on environment related will have a fate of being negotiated for the benefit of dominant economy. It is important to bring knowledge base to the hegemony of power structure or policy makers.

**Dr. T.S. Saju** [Faculty, Department of Geography, SSUS, Kalady]

Any restrictions or legal enforcement of sensitive aspects such as those connected with environmental protection particularly in human habitations can be adopted after arriving sufficient consensus of the matter among the general public. This aspect is significant in the case of Prof. Madhav Gadgil Committee report also, in which the implementation of the committee recommendations in areas of human settlements can be ideally done only after giving sufficient time to the people of the region so as to equip the public to reach to a consensus and voluntary cognizance of the contents of the committee. It should have been operated from the grass root level after educating the common man about the necessity of environmental protection based on the recommendations of the committee.

**Dr. H.M. Sabeen** [Faculty, Government College, Kariavattom]

Encroachment of river banks and water resource basins have become a common practice in many regions of the state since the state is enriched with its 43 rivers and its distributaries. Such vulnerable areas to be identified and the practice of encroachment should be arrested or removed as the highest priority. Rehabilitation of people from regions vulnerable to disasters has become a necessary approach.

**Dr. Vinayachandran** [Senior Hydrogeologist, CGWB]

About 6 lakhs hecatares of paddy field has been converted and most of this is now reclaimed or modified areas for development during the last few decades. Study should be carried out based on the vulnerability map available at present, so as to find out the minimum level of rainfall sufficient to destablise any geographical regions

**Dr. Nizamudheen** [Director, State LandUse Board]

As the state does not have a land use policy as its own and area limitation of the state outside the ambit of vulnerable regions and the catchment areas of 43 rivers, there is urgent need for evolving a scientific as well as a practical land use policy in the geographic context of the state. River pits are unscientifically executed in most part of the state over the years without any consideration of specific terrain specialties. We are in need of local scale or Ward level mapping for preparedness of vulnerable areas. Since satellite data does not contain any detailed structures or roads and other specific details while Google maps cannot be taken as a legitimate document, the options or resources like those from ISRO high resolution data should be made available for use. In case of infrastructure developments, road construction is in many places cut across or blocking the free channels of first order rivers mainly over the over the flanks of Western Ghats. Moreover, in the physiographic peculiarity of the state, our highways are cutting/blocking at many places, all rivers which are having a E-W flowing trend. Make awareness to the local LSGs to work and conserve second or third order stream network. Artificial recharging of all wells and ponds are also found to be very effective in many places.

**Dr. Shibu K.** [Faculty, Environmental Engineering, CET]

There should be integration of study reports and findings of different areas pertaining to environmental studies. Environmental engineering and environmental science are the two disciplines which should work in tandem with each other. Many solutions put forward by them although ideally suitable for solving out local issues are neglected or underutilized by the government executive departments or policy level.

**Dr. Salom Gnana Thangam** [Faculty, Dept. of Environmental Sciences, University of Kerala]

Agricultural practices shall be done according to the terrain characters as well as hill slope terraced cultivation. Crop or cultivation practices need to be reconsidered in the context of the current disaster affected regions of the state. Many agricultural practices are not in accordance with the terrain or landscape peculiarities, especially over the flanks of Western Ghats.

**Dr. N. Krishnakumar** [Principal, Maharajas College, Ernakulam]

Many land slide areas are un-stabilized and are still vulnerable for further disturbances. Immediate studies are required to identify the current vulnerability arisen in post flood scenario or landslides. People are advised to keep away from such vulnerable areas especially in their engagement in agricultural or construction practices so far followed.

**KERALA STATE HIGHER EDUCATION COUNCIL**
Science and Technology Museum Campus, Vikas Bhavan P.O., PMG,
Thiruvananthapuram-695033 Ph: 0471- 2301293 Fax : 0471 2301290
e mail: heckerala@gmail.com web: www.kshec.kerala.gov.in

# SOCIAL PREPAREDNESS OF DISASTER MANAGEMENT AND GEO-SCIENTIFIC STRATEGIES

